# Index

Vicar's Message........................................................ 2

Shunoyo - Assumption of St. Mary ................................ 6

Religious Relics ....................................................... 8

പറുദീസ വീണ്ടെടുക്കേണ്ടവർ ........................................11

ദൈവത്തിൻെറ സ്വന്തം നാട് ..........................................13

Events Photos.........................................................14





*We pray to the Almighty God for the safe return of Greek Orthodox Archbishop Metropolitan Paul Yazigi and the Archbishop of Syriac Orthodox Diocese of Aleppo, Mor Gregorios Ibrahim.*

# Vicar's Message



യഹൂദ്യ ദേശത്ത്, യഹോവ ഭക്തിയിൽ, അടിയുറച്ചു ജീവിതം നയിച്ച വരായിരുന്ന, മർത്തശ് മൂനി അമ്മയുടേയും ഏഴു പുത്രന്മാരുടേയും അവരുടെ ഗുരുവായ ഏലിയാസറിൻെറയും ഓർമ്മ ആഗസ്റ്റ് 1-ാം തിയതിയാണ് പരി.സഭ കൊണ്ടാടുന്നത്. സുറിയ രാജാവായ അന്തിയോക്കസ് എപ്പിഫാനസ്, തൻെറ അധീനതയിലായിരുന്ന യഹൂദ്യയിലെ യഹൂദന്മാരെ, അവരുടെ ന്യായപ്രമാണവും പിതാക്കന്മാരുടെ പ്രമാണങ്ങളും പരിത്യജിക്കുവാനും യെരുശലേം ദൈവാലയം അശുദ്ധമാക്കുവാനുമായി പീഢിപ്പിച്ചു നിർബ്ബന്ധിച്ചതായ വേളയിൽ, ഗുരുവായ ഏലിയാസറിൻെറ ശിക്ഷണത്തിലും ഉപദേശത്തിലും കഴിഞ്ഞിരുന്ന ശ്മൂനിയും മക്കളും സത്യ ദൈവത്തെ ഉപേക്ഷിക്കുകയില്ലെന്നും ന്യായപ്രമാണങ്ങളെ കൈവെടി യുകയില്ലെന്നും ദൃഢനിശ്ചയം ചെയ്ത് ജനത്തിന് മാതൃകയായി നിലകൊണ്ടു. തൊണ്ണൂറു വയസ്സായ ഏലിയാസറിനെ ചമ്മട്ടികളാൽ അടിച്ചു കൊന്നു. തുടർന്ന് ശ്മൂനിയേയും 7 മക്കളേയും പിടികൂടുകയും ന്യായപ്രമാണത്തെ ഉപേക്ഷിക്കുവാൻ വിസമ്മതിച്ചപ്പോൾ അതിക്രൂരമായ വിധത്തിൽ 7 മക്കളേയും മൂപ്പുമുറയനുസരിച്ച് അമ്മയുടെ മുന്നിൽ വച്ചു തന്നെ വധിക്കുകയും ചെയ്തു. മക്കൾ 7 പേരും ഒരേദിവസം തന്നെ നഷ്ടപ്പെടുന്നത് നേരിട്ടു കണ്ടിട്ടും ദൈവസന്നിധിയിൽ ഉള്ള പ്രത്യാശ നിമിത്തം ശ്മൂനി മാതാവ് എല്ലാം സന്തോഷപൂർവ്വം സഹിക്കുക മാത്രമല്ല ദൈവീകപ്രമാണങ്ങളനുസരിക്കുവാൻ മക്കളെ പ്രോത്സാഹിപ്പിക്കുകയും ഒടുവിൽ രക്തസാക്ഷിത്വം വഹിച്ചുകൊണ്ട് അടിപതറാതെ ദൈവവിശ്വാസത്തിൻെറ പുതിയൊരദ്ധ്യായം യഹൂദ ചരിത്രത്തിൽ ചേർക്കുകയും ചെയ്തു. B.C.157-ൽ നടന്ന ഈ രക്തസാക്ഷിത്വം 2 മക്കാബ്യാർ 6,7 അദ്ധ്യയങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇറാഖീൽ മൂസലിനു സമീപം 'കരക്കോശ്' എന്ന ഗ്രാമത്തിൽ മർത്തശ് മൂനി അമ്മയുടെ നാമത്തിൽ ഒരു ദൈവാലയമുണ്ട് വടക്കൻ പറവൂരിൽ കബറടങ്ങിയിരിക്കുന്ന അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടേയും, കോതമംഗലത്തു കബറടങ്ങിയിരിക്കുന്ന യൽദോ മോർ ബസ്സേലിയോസ് ബാവായുടേയും ജന്മദേശമാണിത്. വർഷം തോറും മർത്തശ്മൂനി അമ്മയുടേയും മക്കളുടേയും ഏലിയാസറിൻേറയും ഓർമ്മപ്പെരുന്നാൾ ദിനത്തിൽ കരക്കോശ് പള്ളിയിൽ ഒരു അത്ഭുതം നടക്കുന്നുണ്ട്. ദൈവാലയത്തിൻെറ വടക്കേ ഭിത്തിയിൽ ഈ വിശുദ്ധർ പ്രത്യക്ഷപ്പെട്ട് നിഴൽ രൂപത്തിൽ നടക്കുന്നു.കാലം ചെയ്ത ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ ഉൾപ്പെടെ പലപിതാക്കന്മാരും ഒരു അത്ഭുത

പ്രകാശം വടക്കേ ഭിത്തിയിൽ ഉദയം ചെയ്തിട്ട് വി.മർത്തശ്മൂനിയും ഏഴു മക്കളും അതിലൂടെ നടക്കുന്നതുമായ കാഴ്ച്ചയ്ക്ക് ദൃക്സാക്ഷികളായിട്ടുണ്ട്.തൻെറ മക്കൾ ഓരോരുത്തരായി കൊല്ലപ്പെടുമ്പോഴും ആ അമ്മ സുധീര മനസ്കയായി നിലകൊണ്ടു, സ്ത്രീ സഹജമായ വ്യാകുലതയെ, പുരുഷതുല്യമായ ധീരതയോടും ക്രോധത്തോടും കൂടി ഉണർത്തി മക്കളോട് അപേക്ഷിച്ചു പറയുന്നതു ഇപ്രകാരമാണ്."എൻെറ മക്കളെ നിങ്ങൾ എങ്ങനെ എൻെറ ഉദരത്തിൽ രൂപപ്പെട്ടു എന്നു് എനിക്കറിഞ്ഞുകൂടാ. ഞാനല്ല നിങ്ങൾക്ക് ജീവനും ആത്മാവും തന്നത്, നിങ്ങളോരോരുവൻേറയും രൂപവും ഛായയും ഞാനല്ല തന്നത്. പ്രത്യുത ലോകത്തിൻെറ സ്രഷ്ടാവ്, മനുഷ്യവംശത്തിൻെറ നിർമ്മാതാവ്, എല്ലാവരുടേയും ഹൃദയങ്ങൾ പരിശോധിക്കുവാൻ, അദ്ദേഹമാണിതെല്ലാം തന്നത്. തൻെറ പരിശുദ്ധ പ്രമാണങ്ങളെപ്രതി, നിങ്ങളുടെ ശരീരങ്ങൾ മരണത്തിനായി നിങ്ങൾ സമർപ്പിച്ചിരിക്കകൊണ്ട് താൻ നിങ്ങൾക്ക് കരുണാപൂർവ്വം ജീവനും ആത്മാവും തന്നുകൊള്ളും." 2 മക്കാബ്യാർ 7:22,23.ഈ അമ്മ നമുക്ക് വലിയൊരു സന്ദേശവും മാതൃകയും നല്കുന്നുണ്ട്. എപ്രകാരമണ് മക്കളേ വളർത്തേണ്ടതെന്നും മക്കളോടുള്ള മനോഭാവം എന്തായിരിക്കണമെന്നും, ഉത്തരവാദിത്വ പൂർണ്ണമായ ക്രൈസ്തവ രക്ഷകർത്തൃത്വം നമുക്ക് എപ്രകാരം നിർവ്വഹിക്കുവാൻ സാധിക്കും എന്നും മനോഹരമായി നമ്മെ പഠിപ്പിക്കുന്നുണ്ട്.

സങ്കീർത്തനങ്ങൾ 127:3-ൽ രേഖപ്പെടുത്തിയിരിക്കുന്നു "മക്കൾ, യഹോവ നല്കുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നെ" മക്കൾ ദൈവത്തിൻെറ ദാനമാണ്. മനുഷ്യജീവിതത്തിലെ ഏറ്റവും ആഹ്ലാദകരമായ അനുഭവങ്ങളിലൊന്നാണ് കുട്ടികളെ വളർത്തുക എന്നത്. എന്നാൽ ദൈവദാനങ്ങളായ കുഞ്ഞുങ്ങളെ 'വളർത്തുന്ന' അല്ലെങ്കിൽ 'വളർത്താൻ' ശ്രമിക്കുന്ന മാതാപിതാക്കൾ എത്രപേരുണ്ട്? പലപ്പോഴും കുട്ടികൾ വളർത്തപ്പെടുകയല്ല സ്വയം വളരുകയാണ്. നല്ല ഭക്ഷണം, നല്ല വസ്ത്രം, കൊള്ളാവുന്ന പാർപ്പിട സൗകര്യങ്ങൾ, മികച്ച വിദ്യാഭ്യാസം ഇതൊക്കെ കർത്തവ്യ നിർവ്വഹണത്തിൻെറ ചെറിയൊരു ഭാഗം മാത്രമാണെന്നറിഞ്ഞിരിക്കണം.

പ്രഗത്ഭരായ കുട്ടികളെക്കാൾ ഇന്നു പലപ്പോഴും മാധ്യമങ്ങളിൽ പേരും പടവും കൊണ്ട് ശ്രദ്ധയാകർഷിക്കുന്നത് വഴിതെറ്റിയ കുട്ടികളാണ്. ഇതിനു പ്രധാനകാരണം രക്ഷിതാക്കളും കുട്ടികളെ വളർത്തുന്നതിനെ സംബന്ധിച്ച അവരുടെ മനോഭാവങ്ങളും തന്നെയല്ലേ?

എഫേസ്യ3:16-17-ൽ ഇപ്രകാരം വായിക്കുന്നു. "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ പിതൃത്വവും ആരിൽനിന്നും നാമകരണം ചെയ്യപ്പെടുന്നുവോ, ആയവൻെറ-നമ്മുടെ കർത്താവേശുമിശിഹായുടെ പിതാവിൻെറ- സന്നിധിയിൽ ഞാൻ മുട്ടു കുത്തുന്നു." മക്കളുടെ യഥാർത്ഥ പിതാവ്, സ്വർഗ്ഗസ്ഥനായ പിതാവു തന്നെയാണ്.പിതാവായ ദൈവമാണ് ജീവദാതാവ്. മാതാപിതാക്കൾ

രക്ഷകർത്താക്കൾ മാത്രം. യഥാർത്ഥ പിതാവിന്റെ അടുക്കലേയ്ക്ക് മക്കളെ സുരക്ഷിതരായി ആനയിക്കുകയും, ദൈവമക്കൽക്ക് അനുയോജ്യാമാം വിധം അവരെ വളർത്തികൊണ്ട് വരികയും ആണ് മാതാപിതാക്കളുടെ കർത്തവ്യങ്ങൾ. ദൈവവും മനുഷ്യനും തമ്മിലുള്ള അസ്ഥിത്വപരമായ ബന്ധത്തിനുശേഷം വരുന്ന ഏറ്റവും അടിസ്ഥാനപരമായ ബന്ധം കുടുംബ ബന്ധമാണ്. കുഞ്ഞുങ്ങളുടെ ദൈവ-മനുഷ്യബന്ധങ്ങളിലേയ്ക്കുള്ള വളർച്ചയും വ്യക്തിത്വ രൂപീകരണവും സംജാതമാകുന്നത് കുടുംബങ്ങളിലാണ്. കുടുംബങ്ങളിൽനിന്നും അവർ ആർജ്ജിക്കുന്ന നന്മകളും മൂല്യങ്ങളും സമൂഹത്തിലെ അവരുടെ സാന്നിധ്യം വഴി മറ്റുള്ളവർക്കും അനുഗ്രഹമായി മാറും. അങ്ങിനെ മക്കൾ നല്ലവരാകുമ്പോഴാണ് മാതാപിതാക്കൾ മഹത്വമണിയുക. മക്കളുടെ സൽസ്വഭാവങ്ങളാണ് മാതാപിതാക്കൾക്ക് അലങ്കാരമാകേണ്ടത്. മക്കളിലൂടെ ചിരംജ്ജീവികളായി ജീവിക്കുവാൻ മാതാപിതാക്കൾ ചെയ്യേണ്ടതെന്തെന്നു ആവർത്തനം 6:6-9 വാക്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. “ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കണം. നീ വീട്ടിൽ ഇരിക്കുമ്പോഴും വഴിനടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെ കുറിച്ചു സംസാരിക്കുകയും വേണം. അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടണം. അവ നിന്റെ കണ്ണുകൾക്കു മദ്ധ്യേ മുദ്രയായി ഇരിക്കണം. അവ നിന്റെ വീടിന്റെ കട്ടിളകളിൻമേലും പടിവാതിലുകളിലും എഴുതണം.”

ദൈവവചനം മക്കളെ പഠിപ്പിക്കുന്നതിലും അവരോടു പങ്കുവയ്ക്കുന്നതിലും മാതാപിതാക്കൾ ശ്രദ്ധാലുക്കളാകണം. കുടുംബമായിരിക്കണം വചന ജീവിതത്തിന്റേയും സ്നേഹജീവിത ത്തിന്റേയും പ്രഥമപാഠശാല. മക്കളെ ദൈവത്തിന്റെ വഴിയിൽ നടക്കുവാൻ പഠിപ്പിക്കുക എന്നത് മാതാപിതാക്കളുടെ ഏറ്റവും വലിയ കടമ ആകയാലാണ്, ദൈവകല്പനകൾ മക്കളെ പഠിപ്പിക്കണമെന്ന് (ഉല്പത്തി18:19, ആവർത്തനം11:18-21) ദൈവം കൂടെകൂടെ പിതാക്കന്മാരെ ഓർമ്മപ്പെടുത്തുന്നത്. ചിലരെങ്കിലും മക്കളെ വേദപഠന ക്ലാസ്സുകളിലേക്ക് അയയ്ക്കാതെ, സ്വഭാവ രൂപവത്ക്കരണത്തെ ഗൗരവമായി കാണാതെ, ഭൗതീകവിദ്യാഭ്യാസത്തിൽ മാത്രം ശ്രദ്ധ നല്കി വളർത്തുന്നുണ്ട്. ഇതു മക്കളെ മൂല്യച്യുതിയിലേക്കും അസ്വസ്ഥതയിലേക്കും നയിക്കാനിടയാകും. ഒന്നറിയുക: എന്തെല്ലാം അഭ്യസിച്ചാലും, ധനസമ്പാദനത്തിനുള്ള വിദ്യ ആർജിച്ചാലും ദൈവത്തെ അറിഞ്ഞു ജീവിക്കാത്ത ജീവിതങ്ങൾ പരാജയങ്ങളായിരിക്കും. കുട്ടികളിൽ ആദ്യമായി ധാർമ്മികബോധം സൃഷ്ടിക്കേണ്ടതും, സത്യം, നീതി, ക്ഷമാശീലം, അദ്ധ്വാനശീലം, ദയ, പരസ്നേഹം. പ്രാർത്ഥനാശീലം എന്നിവ പരിശീലിപ്പിക്കേണ്ടതും ഭവനങ്ങളിൽ നിന്നുതന്നെയാണ്.

സ്വഭാവരൂപീകരണം ലക്ഷ്യമാക്കാതെയുള്ള വിദ്യാഭ്യാസം അപകടകരമാണ്.

ആധുനികവത്കരണം ജീവസ്സുറ്റതാകണമെങ്കിൽ ആത്മാവായിരിക്കണം അതിൻെറ ശക്തി ശ്രോതസ്സ് എന്നു കോത്താരി കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായി. കുട്ടികൾ സ്നേഹമുള്ളവരും മറ്റുള്ളവരുടെ ക്ഷേമത്തിൽ തല്പരരും നീതിബോധമുള്ളവരും ആത്മവിശ്വാസമുള്ളവരും കഠിനാദ്ധ്വാനികളുമായി വളരണം. സ്വഭാവ രൂപവത്ക്കരണത്തിന് വേണ്ടത്ര പ്രധാന്യം നല്കുകയാണെങ്കിൽ, നല്ല പഠിപ്പും, മറ്റു കഴിവുകളുമുൾപ്പെടെ മറ്റെല്ലാ നന്മകളും അതിൻെറ ഫലമായി തന്നെ ഉണ്ടാകും. കർത്താവ് അരുളിചെയ്തല്ലോ"ആദ്യമേ ദൈവത്തിൻെറ രാജ്യവും അവൻെറ നീതിയും അന്വേഷിപ്പിൻ. ഇവയെല്ലാം അതോടു ചേർത്തു നിങ്ങൾക്കായി നൽകും." (വി.മത്തായി6:33).

തുബീത് തൻെറ മകനായ തോബിയാസിന് നല്കുന്ന ശ്രേഷ്ഠമായ ഉപദേശങ്ങൾ (തുബീത് 4-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു) ഏതൊരു രക്ഷകർത്താവും നിർബ്ബന്ധമായും വായിച്ചിരിക്കേണ്ടതാണ്.

ആദിമ നൂറ്റാണ്ടിലെ ക്രൈസ്തവ കുടുംബങ്ങൾ നന്നായി വളർന്നതും, നല്ല ക്രൈസ്തവ സാക്ഷ്യം വഹിച്ചതും "അവർ ശ്ലീഹന്മാരുടെ പഠിപ്പിക്കൽ സദാ കേട്ടുകൊണ്ടും പ്രാർത്ഥനയിലും എവുക്കിസ്തിയാ ഖണ്ഡനത്തിലും സംബന്ധിച്ചു കൊണ്ടിരിക്കുകയും ചെയ്തു". (അപ്പൊ:പ്രവ 2:42) എന്നതിനാലാണ്. ഇന്നത്തെ മക്കളാണല്ലോ നാളത്തെ പൗരന്മാരായി സഭയേയും സമൂഹത്തേയും നയിക്കേണ്ടവർ. ആകയാൽ മക്കളെ സത്യവിശ്വാസവും ദൈവവചനവും ദേശസ്നേഹവും,കുടുംബ ശ്രേഷ്ഠതയും മുറുകെ പിടിക്കേണ്ടതിൻെറ പ്രാധാന്യവും അതിൻെറ മഹത്വവും പകർന്നു നല്കി ദൈവമക്കളായി വളർത്തണം. മക്കൾ ഏതു വിഷയത്തിലും ആദ്യം മാതൃകയാക്കുന്നതും അനുകരിക്കുന്നതും മാതാപിതാക്കളെയാണ് എന്നതിനാൽ മാതാപിതാക്കൾ സൽസ്വഭാവികളും ദൈവഭക്തരുമായി ജീവിച്ച് മാതൃകയാകേണ്ടിയിരിക്കുന്നു. ദമ്പതികൾ കട്ടികൾക്ക് സ്നേഹവും കരുതലും പ്രാർത്ഥനാ സ്വഭാവവും സംശയങ്ങൾക്ക് മറുപടിയും പ്രതിസന്ധികളിൽ മാർഗ്ഗദർശനവും പ്രോത്സാഹനവും നല്കി വളർത്തണം. ഇവിടെയാണ് മർത്തശ്മൂനിയുടേയും മക്കളുടേയും ഗുരുവിൻേറയും ജീവിതസാക്ഷ്യം മാതൃകയാകുന്നതും, അവരുടെ ഓർമ്മയാചരണം പ്രസക്തമാകുന്നതും.

(പേരൂർ, തിരുവാർപ്പ് മർത്തശ്മൂനി യാക്കോബായ സുറിയാനി പള്ളികൾ ഈ വിശുദ്ധയുടെ നാമത്തിൽ മലങ്കരയിൽ സ്ഥാപിതമായിരിക്കുന്ന ദൈവാലയങ്ങളാണ്).

സ്നേഹപൂർവ്വം ക്രിസ്തുവിൽ
നിങ്ങളുടെ ബെന്നിയച്ചൻ

# Shunoyo (Soonoyo) - Assumption of St. Mary - Supplement
# The Holy Virgin Mary in the Syrian Orthodox Church

***by His Holiness Moran Mor Ignatius Zakka I Iwas***



## The Virgin's Assumption

The virgin longed to ascend to heaven to join her son Jesus. Her dormition was in peace. The date of her death and how old she was have always been a controversial issue among historians. Most probably that was in AD 56 when she was seventy. Her Assumption in the flesh and soul was not instituted by the Syrian Church as a doctrine. The Virgin's Assumption is a confessional patristic tradition based on the Syriac narrative of Apostle Thomas. In this narrative we read about the gathering of the Apostles in spirit in Jerusalem for the Dormition of the Virgin Mary, and about the late arrival of Tom, his encounter with the Virgin up in the sky on the way up to heaven, and his acquisition of her girdle, which he brought to the Apostles and his request to them to reopen her grave. When the Apostles did that they did not find her holy body. Thomas declared to them the truth of her ascension to heaven in her glorified flesh and that he witnessed her procession and received the girdle from her in testimony whereof. The Apostles believed him. Syriac tradition reports that Thomas took the girdle with him to India where he was martyred at the hands of

pagan priests. When Thomas' relics were taken to Edessa in the fourth century the girdle was brought with them. Finally the girdle reached the Church of the Virgin in Homs, which has been called the Church of the Virgin's Girdle ever since. The girdle was discovered in 1852 during the time of Archbishop Mar Julius Peter (Later Patriarch Mar Ignatius Peter 4th.). The girdle was placed in the altar. Late Patriarch Ephrem I Barsoum, of blessed memory, rediscovered the girdle in 1953. The shrine of the girdle in the church in Homs has become a source of blessing for the faithful.

## The Possibility of the Virgin's Ascension to Heaven

According to tradition, the virgin ascended to heaven. The question posed is: was paradise the abode of her soul just like all the righteous and pious? Or did she ascend to heaven soul and body? Her ascension to heaven in her glorified flesh is not something irrelevant to the Spirit of the Holy Book nor to the tolerant Christian confessional truths. If "Enoch walked with God and he was not, for God took him" (Gen. 5:24) and Elijah, the prophet ascended to heaven in a chariot of fire (2 Kings 2:11) wouldn't the Virgin Mary, who bore the Lord nine months in her womb, gave birth to him and suckled him, rather be considered as worthy to have her body kept without corruption and to have it transformed into a spiritual one; and to ascend to heaven in soul and flesh to enjoy being with her beloved son Lord Jesus Christ? St. Jacob of Serugh, the doctor (521+) said in his Memoire in Syriac on the death of the Virgin Mary, "When the virgin was on her death bed, Angels, the righteous, prophets and fathers descended on her from high upon the order of God. The twelve Apostles and Evangelists came…they buried her in a rocky cave. Glory prevailed in heaven and on earth when the angels beheld her soul ascending and flying towards abodes of lights". The book ascribed to Dionysius the Areopagyte, the bishop of Athens (+95) relates that " upon the dormition of Mary, all the Apostles gathered together so quickly coming from the Four Corners of Earth, where they were preaching the word. They arrived in Jerusalem, the Residence City of blessed Mary, and then Jesus came with His angels. Jesus received her soul and handed it to Michael, the Archangel.

On the next day the Apostles laid the body in a grave and guarded the grave waiting for the appearance of the Lord. Jesus appeared once more and transferred her holy body to heaven on a cloud. Up there, her body was united to her soul to enjoy her everlasting joy."

**Compiled by: Ajay Abraham Kuriakose**

# Did Archaeologists Find a Piece of Jesus' Cross?

Archaeologists working at the site of an ancient church in Turkey believe they may have found a relic of the cross of Jesus.

The relic was discovered inside a stone chest, unearthed from the ruins of Balatlar Church, a seventh-century building in Sinop, Turkey, situated on the shores of the Black Sea.

"We have found a holy thing in a chest. It is a piece of a cross," lead archaeologist Gülgün Köro?lu told the Hurriyet Daily News. She displayed a piece of the stone chest with a small cross carved into it to reporters at the site.

"This stone chest is very important to us. It has a history and is the most important artifact we have unearthed so far," Köro?lu said. The chest has been taken to a laboratory for further study, NBC Newsreports.

The cross upon which Jesus was crucified has been the object of much religious interest, as well as some controversy. Numerous churches around the world claim to possess a small relic of the wooden cross, but the authenticity of the relics is doubted by some critics. Protestant theologian John Calvin, a famed 16th-century skeptic of religious relics like the so-called "true cross," once remarked that "if all the pieces that could be found were collected together, they would make a big ship-load."


Other purported Christian relics, including a 2,000-year-old ossuary embellished with obscure carvings that was first discovered in 1981, are also of disputed origins.

The ossuary, sometimes referred to as the "Jonah Ossuary" because one carving seems to show a fish swallowing a man (like Jonah, the biblical figure who was swallowed by a whale), was initially heralded as the earliest known Christian artifact. Later analyses by classical and biblical scholars, however, revealed that many of the supposed Christian symbols were just random marks or decorative carvings that were misinterpreted.

Another ossuary, said to hold the bones of Jesus' brother and put on display at a Toronto museum in 2002, is also controversial, with its authenticity hotly debated.

Köro?lu's team has been working at the Balatlar Church site since 2009. Their archaeological dig has yielded some surprises, including more than 1,000 human skeletons. The church, constructed in A.D. 660, also has frescoes on its walls depicting Jesus, Mary and the Apostles.

## Religious Relics



**The True Cross**

The cross Jesus died on is a powerful symbol for Christians, so it makes sense that the actual cross would be an object of great veneration. According to accounts by fourth-century church historian Socrates Scholasticus, the Roman emperor Constantine's mother demanded that the church built on Christ's supposed crucifixion site be demolished, uncovering three crosses below. True or not, hundreds of scraps of wood venerated as pieces of the True Cross spread across Europe. French theologian John Calvin of Protestant Reformation fame once dryly noted the sheer volume of these relics.



## The Veil of Veronica

Another famous piece of cloth, the Veil of Veronica is supposed to bear an image of Jesus' face. The legend goes that as Jesus carried the cross before the crucifixion, Saint Veronica wiped sweat from his brow with her veil. Miraculously, Christ's face appeared on the fabric.

Today, St. Peter's Basilica holds a veil said to be the one displayed in the Middle Ages, but it is not on public display.

## The Crown of Thorns




Biblical accounts state that Roman soldiers mocked Jesus by placing a crown of thorns on his head before his death. Today, this very crown is allegedly housed at the Notre Dame Cathedral in Paris. According to Notre Dame officials, the crown cannot be authenticated, but it is still revered. Today, the crown is kept bundled in gold thread and is presented to believers for veneration on the first Friday of each month and every Friday during the pre-Easter period of Lent.



## The Sudarium of Oviedo

At the Cathedral of San Salvador in Spain rests a bloody cloth said to have been wrapped around the head of Jesus after he died. Put on public display only three times a year, the Sudarium has been posited to be a matching set with the Shroud of Turin, though its authenticity is just as debated.



## Crucifixion Nails


Early Christian Theodoret wrote that Constantine's mother made her son a gift of a "portion of the nails" to insert into his helmet and into the bridle of his horse to protect him from harm. The Iron Crown of Lombardy, an ancient circlet kept in a cathedral outside Milan, is rumored to be made of one of the original "Holy Nails."

### The Holy Grail



The subject of both a Monty Python and an Indiana Jones movie, the Holy Grail is supposed to be a chalice used by Jesus at the Last Supper before his death. Traces of the Grail legend can be found in Celtic myth, which occasionally featured miraculous cauldrons. The first written legend of the Grail dates from the 1100s as an incomplete poem that tells the story of a knight named Perceval who saw the sacred object at a mystical feast.

### The Shroud of Turin



Radiocarbon dating suggests that this piece of cloth that allegedly wrapped the body of crucified Jesus Christ is nothing more than a medieval forgery, created to scam 14th-century believers. If it was a scam, it was a good one: Centuries later, debate still rages about the authenticity of the Shroud of Turin. The cloth is currently kept in the chapel of the Cathedral of Saint John the Baptist in Turin, Italy.

**Inserted by: Chev. Thomas Abraham (Mon)**

---

## *Happy Birthday*



**Blessy Mariyam Philip**
**10th Birthday on 20-08-2013**



# പറുദീസ വീണ്ടെടുക്കേണ്ടവർ

“പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും:ആത്മാവ് അതിനെ നൽകിയ ദൈവത്തിൻെറ അടുക്കലേക്ക് മടങ്ങിപ്പോകും.”(സഭാപ്രസംഗി 12:7)

എന്താണ് ആത്മാവ്......?ജീവനുള്ള മനുഷ്യനിലെ ദൈവത്തിൻെറ അംശം. അതാണ് ആത്മാവ്. അമ്മയുടെ ഉദരത്തിൽ നമ്മെ സൃഷ്ടിക്കുമ്പോൾ ദൈവം തന്നെതന്നെ ആ സൃഷ്ടിയുടെ ഒരു ഭാഗമാക്കി. അതാണ് നമ്മുടെ ഉള്ളിലുള്ള ആത്മാവ്. ദൈവത്തിൻെറ അംശമായതുകൊണ്ട് തന്നെ നമ്മടെ ആത്മാവ് ദൈവത്തിന് അവകാശപ്പെട്ടതാണ്. അതുകൊണ്ടാണ് സഭാപ്രസംഗി പറയുന്നത്“ആത്മാവ് അതിനെ നല്കിയ ദൈവത്തിൻെറ അടുക്കലേക്ക്മടങ്ങി പോകുമെന്ന്”. ഏറ്റവും പരിശുദ്ധനും സ്നേഹവാനുമായ ദൈവത്തിൻെറ അംശം ഉള്ളിലുള്ള മനുഷ്യൻ ദൈവത്തിൻെറ അതേ സ്വഭാവമുള്ളവരാകേണ്ടതല്ലേ...... പിന്നെ എന്തുകൊണ്ടാണ് ചിലർ നല്ലവരും ചിലർ ചീത്തയും ആയിരിക്കുന്നത്..... ഒരുത്തരമേയുള്ളു..... നമ്മുടെ ജീവിതം..... അതാണ് നമ്മെ നല്ലതും ചീത്തയുമൊക്കെ ആക്കിത്തീർക്കുന്നത്.

ഏറ്റവും പരിശുദ്ധമായ ആത്മാവിനെയാണ് ദൈവം നമ്മുടെ ഉള്ളിൽ വച്ചിരിക്കുന്നത്, ഏറ്റവും ഉത്തമസ്നേഹിതനാണ് നമ്മുടെ ആത്മാവ്.ഈ ആത്മാവ് നമ്മിലിരുന്നു നമ്മോടു സംസാരിക്കും. ദൈവീകമായ കാര്യങ്ങൾ നമ്മോടു പറയും, നല്ല വഴിയിൽകൂടി മാത്രം നമ്മെ നടത്തും, നിത്യജീവന് നമ്മേയും അർഹരാക്കിത്തീർക്കും. ദൈവത്തിൻെറ സൃഷ്ടികളായ നാമോരോരുത്തരുടേയും ഉള്ളിൽ വിശുദ്ധിക്കുവേണ്ടിയുള്ള ഒരു ദാഹം എപ്പോഴും ഉണ്ടായിരിക്കും. നമ്മെ സ്നേഹിക്കുന്ന ദൈവം തൻെറ പരിശുദ്ധിയിലേക്ക് നമ്മെ ചേർക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് ഈ ദാഹം നമ്മിലുണ്ടാകുന്നത്. തെറ്റ് ചെയ്യുമ്പോഴും, അരുതാത്തത് കാണുകയും കേൾക്കുകയും സംസാരിക്കുകയും ചെയ്യു മ്പോഴും നമ്മുടെ ഉള്ളിലിരുന്ന് ദൈവത്തിൻെറ ആത്മാവ് ഞരങ്ങുകയാണ്....“അരുതേ പാപത്തിൽ വീണ് നശിച്ചു പോകരുതേ” എന്ന്. പാപം ചെയ്തു കഴിയുമ്പോൾ ഒരു കുറ്റബോധം നമ്മുടെ ഉള്ളിൽ ഉണ്ടാകാറില്ലേ......? വേണ്ടായിരുന്നു.....,ചെയ്യണ്ടായിരുന്നു....., പറയണ്ടായിരുന്നു....., കാണേണ്ടായിരുന്നു.... എന്നിങ്ങനെ.....ഈ പശ്ചാത്താപ ചിന്തകൾ നല്കുന്നത് നമ്മുടെ ഉള്ളിലിരുന്ന് സംസാരിക്കുന്ന ആത്മാവാണ്. ആ ചിന്തയെ പരിപോഷിപ്പിക്കുക. തിരിച്ച റിവ് വന്ന നിമിഷം ഏറ്റു പറയുക; ദൈവമേ തെറ്റ് സംഭവിച്ചു പോയി..... എന്നോടു പൊറുക്കേണമെ..... എന്ന്. ഈ ഏറ്റു പറച്ചിലാണ് ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്നത്. സ്നേഹവാനായ പിതാവ് നമ്മോട് ക്ഷമിക്കും. നമ്മടെ ഉള്ളിലിരുന്ന് ആത്മാവ് സന്തോഷിക്കും,ശക്തി പ്രാപിക്കും. പക്ഷേ നാമെല്ലാം ബലഹീന മനുഷ്യരല്ലേ..... പലതരം പ്രലോഭനങ്ങളിൽ പെട്ട് വീണ്ടും വീണ്ടും പാപം ചെയ്തുപോകാം. തിരിച്ചറിവു വരുന്ന നിമിഷം തന്നെ പാപച്ചേറിൽ നീന്തിത്തുടിക്കാതെ തിരിച്ചു കയറുക. അങ്ങനെ നമ്മുടെ ആത്മാവ് നമ്മുടെ ഉള്ളിൽ വളർന്ന് ശക്തി പ്രാപിക്കും..... നമ്മോടു സംസാരിക്കാൻ തുടങ്ങും, തിരിച്ചറിവിലൂടെ വിശുദ്ധിയിലേക്ക് നമ്മെ നയിക്കും അങ്ങനെ പാപത്തിലേക്കോ പാപസാഹചര്യത്തിലേക്കോ നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ നീങ്ങാൻ തുടങ്ങുമ്പോൾ തന്നെ ഉള്ളിലിരുന്ന് ആത്മാവ് വിലക്കും.... അതു പാപമാണ്, നിൻെറ ദൈവം വെറുക്കുന്ന തിന്മയാണ് എന്ന്. അങ്ങനെ നമ്മൾ പാപത്തിൽനിന്നും രക്ഷപ്പെട്ട് ദൈവത്തിൻെറ വിശുദ്ധിയിലേക്ക് നയിക്കപ്പെടും. അനേകം കൃപകൾ ലഭിക്കും...... സഹിക്കാൻ, ക്ഷമിക്കാൻ, സ്നേഹിക്കാൻ, കരുതാൻ........

പക്ഷേ ഇതിനെല്ലാം ഒരു മറുവശമുണ്ട്, ആത്മാവിന്റെ വിളിയെ അവഗണിക്കാനുള്ള പിശാചിന്റെ പ്രലോഭനം; അവൻ അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്നു കരുതി നമ്മുടെയെല്ലാം ചുറ്റും നടക്കുകയാണ്. പാപം ചെയ്ത കുറ്റബോധവും തിരിച്ചറിവും നമ്മുടെ ഉള്ളിൽ ദൈവാത്മാവ് തരുമ്പോൾ, പിശാച് നമ്മുടെ കാതിൽ മന്ത്രിക്കും:–"ഇതൊന്നും പാപമല്ല. എല്ലാവരും ചെയ്യുന്ന കാര്യങ്ങൾ മാത്രമാണ് ഇതൊക്കെ, വിഷമിക്കേണ്ട ഒരു കാര്യവുമില്ല". പാപം ചെയ്ത മനുഷ്യന്റെ ന്യായീകരണങ്ങൾ. ആത്മാവിന്റെ വിളിയെ അവഗണിച്ച്, പിശാചിന് ചെവി കൊടുക്കുമ്പോൾ സംഭവിക്കുന്നതോ..... പശ്ചാത്താപവും ഏറ്റുപറച്ചിലുമില്ല, പാപമോചനമില്ല. ആത്മാവ് അടിച്ചമർത്തപ്പെടുന്നു, വീണ്ടും വീണ്ടും പാപം ആവർത്തിക്കപ്പെടുന്നു. ആദ്യമൊക്കെ ന്യായീകരണത്തോടെയാണെങ്കിലും തെറ്റാണ് ചെയ്യുന്നതെന്ന ബോധമെങ്കിലുമുണ്ടായിരുന്നു, പതുക്കെ പതുക്കെ അതും നഷ്ടപ്പെടുന്നു. ചെയ്യുന്നതെല്ലാം ശരിയാണെന്ന ചിന്തയിൽ തന്നെ പാപം ചെയ്തു കൂട്ടുന്നു. ജീവിതം തന്നെ പാപമായി മാറുന്നു. നല്ലതും ചീത്തയും തിരിച്ചറിയാനുള്ള കഴിവ് നഷ്ടപ്പെടുന്നു. ഫലമോ ആത്മാവിന്റെ നാശം. നമുക്ക് ചുറ്റും കാണുന്ന ചിലരെക്കുറിച്ചെങ്കിലും ചിലപ്പോഴൊക്കെ നാം ചിന്തിക്കാറില്ലേ. ഈ മനുഷ്യനെന്താ ഇങ്ങനെ എന്ന്. സമൂഹത്തിലും കുടുംബത്തിലും കലഹങ്ങളും ഭിന്നതകളും ഉണ്ടാക്കുന്നവർ, ദുശ്ശീലങ്ങൾക്കടിപ്പെട്ടവർ, കുറ്റാരോപണം നടത്തുന്നവർ, മറ്റുള്ളവരെകൂടി തിന്മയിലേക്കു നയിക്കുന്നവർ......അങ്ങനെ എത്രയോ പേർ. ആത്മനാശം സംഭവിച്ച് തിരിച്ചറിവ് നഷ്ടപ്പെട്ട് ചെയ്തു കൂട്ടുന്ന തിന്മകളുടെ കാഠിന്യം മനസ്സിലാകാതെ പിശാചിനടിപ്പെട്ട് നിത്യനാശത്തിലേക്ക് നീങ്ങുന്നവരാണ് അവർ.
വിലക്കപ്പെട്ട കനി ഭക്ഷിച്ച് പാപം ചെയ്ത് ദൈവതേജസ് നഷ്ടപ്പെടുത്തിയിട്ടും ക്ഷമിക്കാൻ തയ്യാറായി കടലോളം സ്നേഹവുമായി നിന്ന ദൈവപിതാവിനോട് ന്യായീകരണത്തിന്റെ വാദങ്ങൾ നിരത്തിയ ആദാമിന്റേയും ഹവ്വയുടേയും മുമ്പിൽ ദൈവം നിസഹായനായിരുന്നു. പറുദീസായുടെ വാതിൽ അവർക്ക് മുന്നിൽ എന്നേക്കുമായി അടക്കപ്പെട്ടു. ഏറ്റുപറച്ചിലും പശ്ചാത്താപവുമില്ലാതെ ന്യായീകരണങ്ങളാൽ അടക്കപ്പെട്ട പറുദീസായുടെ വാതിലിനു മുമ്പിലാണോ നമ്മുടെ ജീവിതം...... പരിഹാരമുണ്ട്.... "ക്രൂശിതനായ ക്രിസ്തു". മനുഷ്യജാതിയുടെ സകല പാപങ്ങൾക്കുമുള്ള പരിഹാരം ദൈവം ഒരുക്കിയത് തന്റെ ഏകജാതന്റെ ക്രൂശുമരണത്തിലൂടെയും ഉയിർപ്പിലൂടെയുമാണ്. പിശാചിന്റെ തലയെ തകർത്ത് വിജയം വരിച്ച കർത്താവ് നമോരോരുത്തരേയും ആ രക്ഷയിലേക്ക് ക്ഷണിക്കുകയാണ്; നമ്മെ കാത്തിരിക്കുകയാണ്. ആ സ്നേഹത്തിലേക്ക് നമുക്ക് ഓടിയണയാം, അധരം കൊണ്ടല്ല ഹൃദയം കൊണ്ട് തന്നെ നമുക്ക് പ്രാർത്ഥിക്കാം, ദൈവമേ മഹാപാപിയായ എന്നോട് കരുണ തോന്നേണമേ, നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ..... നിന്റെ ചിറകിൻ കീഴിൽ എന്നേയും മറച്ചു കൊള്ളേണമേ..... എന്ന്. നമ്മെ സ്നേഹിക്കുന്ന നമ്മുടെ ദൈവം ഒരുനാളും നമ്മെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല.



ആശംസകളോടെ
ലീനാബെന്നി.



## ദൈവത്തിന്റെ സ്വന്തം നാട്

നിത്യലാവണ്യഹരിതയോ ...... കവിതയോ ........
അതോ സൃഷ്ടാവിൻ ദൃഷ്ടിയിലതുല്യമാം സൃഷ്ടിയോ ......
നമകാവ്യപൂജാകൃതി ......
നദനാദസ്വരൂപണേ .......
തവനിൻ സ്മൃതിയിലലിയും
ഗനഗാനമരാളികയായ്.......

സ്വരസാന്ദ്രസാഗരത്തിൽ
ലയമാധുരി മാളവിക .......
നിൻ ചഞ്ചല ദൃഷ്ടിയിൽ.......
അഞ്ചലി നാട്യനടനം.......

നിൻകേരഹരിതഹർഷയർപ്പിതം..........
നിൻകാഞ്ചനകേദാരം ലാസ്യവിത്തം..........
നിൻ തരംഗിണിസ്വരം സംവദനം
അതിൽ ശകുനഗാനമാധുര്യം..........
പരക്കും കുസുമ പരാഗസുരഭിയി........
ലർപ്പിതമീ ആത്മജൻ ചേതന:

സുജേഷ് തുണ്ടിയിൽ

## അനുശോചനം

നമ്മുടെ ഇടവകാംഗമായ ശ്രീ. ജിജി മാത്യുവിന്റെ grandfather കർത്താവിൽ നിദ്ര പ്രാപിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തന്നതോടൊപ്പം, പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# Adieu!! Adieu!!



Our member Mr. Sabu Mathai Pattasseril
(Sabha Managing Committee member) left Bahrain.

# Summer Class Finale 2013





















1330-1349

